# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.15/04/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 01/04/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.15/04/2022 തീയ്യതി: 01/04/2022

## മലപ്പുറം ജില്ലയിലെ പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 19-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 20-12-2021 | 31-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-12-2021 | 31-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സുരേഷ്.പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.),

ശ്രീ. ദിനേശൻ.എം, ഓഡിറ്റ് ഓഫീസർ

ശ്രീ. യൂസഫ്.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി. ജിഷ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. ഇദ്രീസ് അബ്ദുള്ള, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഫാത്തിമ പൊതുവത്ത് | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| അഡ്മിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 11-11-2020 | 30-12-2020 |
| ശ്രീ. മൊയ്തീൻ പി.കെ | പ്രസിഡന്റ് | 31-12-2020 | 31-03-2021 |
| ശ്രീ. പ്രഭാകരൻ പരി | സെക്രട്ടറി | 01-04-2020 | 02-03-2021 |
| ശ്രീമതി. ബെൻസി എ.ബി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ അസ്മിനിത | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ അനിൽകുമാർ വി.വി | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി രജിത ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 06-08-2020 |
| ശ്രീമതി ബീന പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 07-08-2020 | 31-03-2021 |
| ശ്രീ ബാലകൃഷ്ണൻ | ഹെഡ്മാസ്റ്റർ | 01-04-2020 | 31-05-2020 |
| ശ്രീമതി ഇന്ദിര സി | ഹെഡ്മിസ്ട്രസ് | 01-06-2020 | 31-03-2021 |
| ശ്രീ ഷംസീർ എം | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ നസീറ കെ.കെ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ നെഹ്‌ല. പി.എം | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ശ്രീമതി. ടിജി ആന്റണി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Idrees Abdulla A.C. (Auditor, On 28-12-2021)<br>Last Updated By: Unni.P (Deputy Director, On 24-02-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Idrees Abdulla A.C. (Auditor, On 28-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 31-12-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Idrees Abdulla A.C. (Auditor, On 28-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 31-12-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം)<br>Written By: Idrees Abdulla A.C. (Auditor, On 28-12-2021)<br>Last Updated By: Unni.P (Deputy Director, On 24-02-2022) | 1-4 |
| 5 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് 2020-21<br>Written By: Idrees Abdulla A.C. (Auditor, On 28-12-2021)<br>Last Updated By: Unni.P (Deputy Director, On 24-02-2022) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Idrees Abdulla A.C. (Auditor, On 28-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 31-12-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Idrees Abdulla A.C. (Auditor, On 28-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 31-12-2021) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Idrees Abdulla A.C. (Auditor, On 28-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 31-12-2021) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Idrees Abdulla A.C. (Auditor, On 28-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 31-12-2021) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Idrees Abdulla A.C. (Auditor, On 28-12-2021)<br>Last Updated By: Unni.P (Deputy Director, On 28-02-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 28-12-2021)<br>Last Updated By: Unni.P (Deputy Director, On 24-02-2022) | 1-10 |
| 12 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Idrees Abdulla A.C. (Auditor, On 28-12-2021)<br>Last Updated By: Unni.P (Deputy Director, On 28-02-2022) | 1-11 |
| 13 | ഫാക്ടറികൾ, വ്യാപാരങ്ങൾ, സംരഭങ്ങൾ മറ്റു സേവനങ്ങൾക്ക് ലൈസൻസ് അനുവദിക്കൽ-പൊതു അപാകതകൾ<br>Written By: Idrees Abdulla A.C. (Auditor, On 31-12-2021)<br>Last Updated By: Unni.P (Deputy Director, On 28-02-2022) | 1-12 |
| 14 | സർക്കാർ ഉത്തരവ് പ്രകാരം നികുതി പരിഷ്കരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചില്ല.<br>Written By: Idrees Abdulla A.C. (Auditor, On 31-12-2021)<br>Last Updated By: Unni.P (Deputy Director, On 28-02-2022) | 1-13 |
| 15 | കലക്ടേഴ്സ് @സ്കൂൾ - സോഷ്യോ എക്കണോമിക് ഫൗണ്ടേഷന് ടെണ്ടറില്ലാതെ പ്രവൃത്തി ഏൽപ്പിച്ചു നൽകി<br>Written By: Jisha.K (Senior Grade Auditor, On 31-12-2021)<br>Last Updated By: Unni.P (Deputy Director, On 28-02-2022) | 1-14 |
| 16 | മുൻകൂർ തുക നൽകിയിട്ടും മരുന്നുകൾ ലഭ്യമായില്ല | 1-15 |

| | | |
|---|---|---|
| | Written By: Jisha.K (Senior Grade Auditor, On 31-12-2021)<br>Last Updated By: Unni.P (Deputy Director, On 28-02-2022) | |
| 17 | അംഗനവാടി ജീവനക്കാരുടെ പ്രതിഫല വിഹിതം അധികം ഒടുക്കി<br>Written By: Yousuf.P (Asst. Audit Officer, On 01-01-2022)<br>Last Updated By: Yousuf.P (Asst. Audit Officer, On 01-01-2022) | 1-16 |
| 18 | എസ്.എസ്.എ- രേഖകൾ ലഭ്യമാക്കിയിട്ടില്ല<br>Written By: Yousuf.P (Asst. Audit Officer, On 01-01-2022)<br>Last Updated By: Unni.P (Deputy Director, On 24-02-2022) | 1-17 |
| 19 | ന്യൂട്രീമിക്സ് ജി.എസ്.ടി- TDS ഈടാക്കിയില്ല.<br>Written By: Yousuf.P (Asst. Audit Officer, On 01-01-2022)<br>Last Updated By: Unni.P (Deputy Director, On 28-02-2022) | 1-18 |
| 20 | സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച തുക വിനിയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു<br>Written By: Suresh.P (Audit Officer, On 01-01-2022)<br>Last Updated By: Unni.P (Deputy Director, On 28-02-2022) | 1-19 |
| 21 | ഇ ടെണ്ടർ - ടെണ്ടർ ഫീ ഇനത്തിൽ തുക ലഭ്യമാക്കാൻ അവശേഷിക്കുന്നു.<br>Written By: M Dinesan (Audit Officer, On 01-01-2022)<br>Last Updated By: Unni.P (Deputy Director, On 24-02-2022) | 1-20 |
| 22 | ട്രഷറി TSB യിൽ ചെലവഴിക്കാതെ 63552 രൂപ അവശേഷിക്കുന്നു.<br>Written By: M Dinesan (Audit Officer, On 01-01-2022)<br>Last Updated By: Unni.P (Deputy Director, On 28-02-2022) | 1-21 |
| 23 | GMLPSൽ ഓപ്പൺ ഓഡിറ്റോറിയം മെച്ചപ്പെടുത്തൽ - ട്രസ്സ് വർക്ക് & ഷീറ്റ് റൂഫിംഗ് - അധിക നിരക്ക് അനുവദിച്ചു.<br>Written By: M Dinesan (Audit Officer, On 01-01-2022)<br>Last Updated By: Unni.P (Deputy Director, On 28-02-2022) | 1-22 |
| 24 | റൂഫ് സ്ലാബിന് ഫോം വർക്ക് ചെയ്തത് - അധികച്ചെലവ് വന്ന 6693 രൂപ തിരിച്ചടച്ചു.<br>Written By: M Dinesan (Audit Officer, On 01-01-2022)<br>Last Updated By: Unni.P (Deputy Director, On 28-02-2022) | 1-23 |
| 25 | PHC യിൽ പൊതു കക്കൂസ് നിർമ്മിക്കൽ- പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ മൂലമുണ്ടായ അധികച്ചെലവ് അംഗീകരിക്കുന്നില്ല.<br>Written By: M Dinesan (Audit Officer, On 01-01-2022)<br>Last Updated By: Unni.P (Deputy Director, On 28-02-2022) | 1-24 |
| 26 | ആയുർവ്വേദ ഡിസ്പെൻസറിക്ക് ഷീറ്റിടൽ - ട്രസ്സ് വർക്ക് & ഷീറ്റ് റൂഫിംഗ് - അധിക നിരക്ക് അനുവദിച്ചത് അംഗീകരിക്കുന്നില്ല.<br>Written By: M Dinesan (Audit Officer, On 01-01-2022)<br>Last Updated By: Unni.P (Deputy Director, On 28-02-2022) | 1-25 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | GMLPSൽ ഓപ്പൺ ഓഡിറ്റോറിയം മെച്ചപ്പെടുത്തൽ - ട്രസ്സ് വർക്ക് & ഷീറ്റ് റൂഫിംഗ് - അധിക നിരക്ക് അനുവദിച്ചു.<br>Written By: M Dinesan (Audit Officer, On 01-01-2022)<br>Last Updated By: Unni.P (Deputy Director, On 25-02-2022) | 3-1 |
| 2 | PHC യിൽ പൊതു കക്കൂസ് നിർമ്മിക്കൽ- പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ മൂലമുണ്ടായ അധികച്ചെലവ് അംഗീകരിക്കുന്നില്ല.<br>Written By: M Dinesan (Audit Officer, On 01-01-2022)<br>Last Updated By: Unni.P (Deputy Director, On 25-02-2022) | 3-2 |
| 3 | ആയുർവ്വേദ ഡിസ്പെൻസറിക്ക് ഷീറ്റിടൽ - ട്രസ്സ് വർക്ക് & ഷീറ്റ് റൂഫിംഗ് - അധിക നിരക്ക് അനുവദിച്ചത് അംഗീകരിക്കുന്നില്ല.<br>Written By: M Dinesan (Audit Officer, On 01-01-2022) | 3-3 |

| | | |
|---|---|---|
| | Last Updated By: Unni.P (Deputy Director, On 25-02-2022) | |
| ഭാഗം 4 | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 28-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 31-12-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Idrees Abdulla A.C. (Auditor, On 28-12-2021)<br>Last Updated By: Unni.P (Deputy Director, On 28-02-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Idrees Abdulla A.C. (Auditor, On 28-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 28-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Idrees Abdulla A.C. (Auditor, On 28-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 28-12-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Idrees Abdulla A.C. (Auditor, On 28-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 28-12-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Idrees Abdulla A.C. (Auditor, On 28-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 31-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Idrees Abdulla A.C. (Auditor, On 28-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 28-12-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: Idrees Abdulla A.C. (Auditor, On 28-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 28-12-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 28-12-2021)<br>Last Updated By: Unni.P (Deputy Director, On 25-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Idrees Abdulla A.C. (Auditor, On 28-12-2021)<br>Last Updated By: Unni.P (Deputy Director, On 25-02-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Idrees Abdulla A.C. (Auditor, On 28-12-2021)<br>Last Updated By: Unni.P (Deputy Director, On 25-02-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത്) തീരുമാന നം./തിയ്യതി |
|---|---|
| 5(1)/26.03.2020 | പുതുക്കിയിട്ടില്ല |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2021 | 01.07.2021 | --- | ----- |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 27196519 |
| വരവ് | 55082257 |
| ആകെ | 82278776 |
| ചെലവ് | 53467861 |
| നീക്കിയിരിപ്പ് | 28810915 |

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 12345663 | 12345663 | 11625137 | 720526 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1388000 | 1388000 | 1222473 | 165527 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 3087000 | 3087000 | 3015224 | 71776 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3586355 | 3586355 | 2389853 | 1196502 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied Grant) | 0 | 9143370 | 9143370 | 7726321 | 1417049 |
| ബി ഫണ്ട് | 0 | 49561500 | 49561500 | 49561500 | 0 |

## 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് 2020-21

1)വികസന ഫണ്ട് ജനറൽ -ACR പ്രകാരം ആകെ ചെലവ് 1,16,25,137 രൂപയാണ്. എന്നാൽ വിനിയോഗ പത്രിക പ്രകാരവും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരവും 1,16,44,012 രൂപയാണ്.

2)മെയിന്റനൻസ് ഗ്രാന്റ് (റോഡ്)- ACR പ്രകാരം ആകെ ചെലവ് 3015224 രൂപയാണ്. എന്നാൽ വിനിയോഗ പത്രിക പ്രകാരവും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരവും 2744298 രൂപയാണ്. വ്യത്യാസം വിശദമാക്കിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 197 | 57770820 | 120 | 38171386 | 44 | 33 | 61% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 105433 | 842791 | 948224 | 783099 | 165125 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 9214275 | 9214275 | 9214275 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | 105433 | 10057066 | 10162499 | 9997374 | 165125 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 1018100 | 60 |
| വിധവാപെൻഷൻ | 14729000 | 797 |
| വാർദ്ധക്യകാലപെൻഷൻ | 27890300 | 1659 |
| വികലാംഗപെൻഷൻ | 5754800 | 307 |
| വിവാഹ ധനസഹായം | 30000 | 1 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 139300 | 7 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.12.2021 ന് 10.15 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11971/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

, ഓഫീസ് ഓർഡർ മുഖേന ജീവനക്കാർക്ക് ജോലിവിഭജനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിൽ ശ്രദ്ധിച്ചിട്ടുണ്ട്. എല്ലാ ഫീൽഡ് ജീവനക്കാരുടെയും കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നു എന്ന് മേലുദ്യോഗസ്ഥർ ഉറപ്പു വരുത്തേണ്ടതുണ്ട്. കാഷ്ബുക്ക്, ഡേബുക്ക് എന്നിവ ദിവസേന സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതിലും ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലിയേഷൻ തയ്യാറാക്കി ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നതിലും ശ്രദ്ധിച്ചിട്ടുണ്ട്. വിവിധ ഡി.സി.ബി.രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചുകാണുന്നില്ല. സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഗവ: സർക്കുലർ നം 86/10/ഫിൻ 24.9.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾ, വില കുറഞ്ഞ സ്റ്റോർ എന്നിവയ്ക്കും, ഓഫീസ് ഫർണിച്ചറിനും, പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറി എന്നിവയ്ക്കും പ്രത്യേകം സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്. വാർഷിക സ്റ്റോക്ക് പരിശോധന കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങൾ പ്രകാരം നടത്തുന്നില്ല. ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല. തനത് ഫണ്ട് വൗച്ചറുകൾ ക്രമരഹിതമായാണ് സൂക്ഷിച്ചിട്ടുള്ളത്. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഊർജ്ജിത നടപടികൾ ഉണ്ടാവേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09.09.2021 | 09/2021 | 09.09.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.07.2008 മുതൽ 02.08.2008 വരെ | ഒക്ടോബർ 2000 മുതൽ 2007-08 വരെ | 28.08.2008 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1.2019-20 ബാലൻസ് ഷീറ്റ് പ്രകാരം (B-15) യാതൊരു വരവിനത്തിലും കുടിശ്ശികയില്ല. എന്നാൽ തൻവർഷത്തെ റസീപ്റ്റ് &പേയ്മെന്റ് (RP-43) പ്രകാരവും ലഭ്യമാക്കിയ DCB പത്രിക പ്രകാരവും വസ്തു നികുതിയിൽ 117രൂപ വരവുണ്ട്.

2.സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയ DCB പത്രിക പ്രകാരം വസ്തു നികുതി കറന്റ് കളക്ഷൻ 3930657രൂപയാണ്. ആയത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. DCB പത്രിക പ്രകാരം ബുക്ക് അഡ്ജസ്റ്റ്മെന്റ് ഇല്ല. (റസീപ്റ്റ് &പേയ്മെന്റ് (RP-43) പ്രകാരം തൻവർഷ കളക്ഷൻ 3888486 രൂപയും 2018-19ൽ മുൻകൂറായി 18229രൂപയുമാണ് വരവ്)

3.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം എംപ്ലോയീസിന്റെ നികുതി ഡിമാന്റും കളക്ഷനും 2484770 രൂപയാണ്.എന്നാൽ വാർഷികകണക്ക് പ്രകാരം ഡിമാന്റ് (I-1) 2484770രൂപയും കളക്ഷൻ (RP-1) 2454770 രൂപയുമാണ്. കളക്ഷനിൽ വ്യത്യാസം 30000രൂപ. ബാലൻസ് ഷീറ്റിൽ (B-15) കുടിശ്ശിക രേഖപ്പെടുത്തിയിട്ടുമില്ല.

4.തൊഴിൽ നികുതി(ട്രേഡേഴ്സ്) സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.ആയതിനാൽ പ്രസ്തുത ഇനത്തിന്റെ ഡിമാന്റ്,കളക്ഷൻ ബാലൻസ് കൃത്യത രജിസ്റ്ററുമായി ഒത്തുനോക്കാൻ കഴിഞ്ഞിട്ടില്ല.ലഭ്യമാക്കിയ DCB പത്രിക പ്രകാരം കളക്ഷൻ 276050 രൂപയാണ്.എന്നാൽ വാർഷിക കണക്ക് പ്രകാരം വരവ് 246030(അഡ്വാൻസ് 114670+തൻവർഷം131360) രൂപയാണ്. 20 രൂപയുടെ വ്യത്യാസം.

5.ഡി.&ഒ.ലൈസൻസ് 2019-20ലെ അഡ്വാൻസ് കളക്ഷൻ 71800രൂപയാണ്.എന്നാൽ രജിസ്റ്ററിൽ സാക്ഷ്യപ്പട്ടുത്തിയിരിക്കുന്നത് 54800 രൂപയാണ്.

6.ബാലൻസ് ഷീറ്റ്(B-14) പ്രകാരം 7518രൂപയുടെ സ്റ്റോക്ക് ബാലൻസുണ്ട്.എന്നാൽ സ്റ്റോക്കുകളുടെ മൂല്യം രേഖപ്പെടുത്തി സംക്ഷിപ്തം രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ആയതിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല. പ്രസ്തുത തുക തന്നെയാണ് 2019-20 വർഷത്തിലും ബാലൻസുണ്ടായിരുന്നത്.

7.സ്ഥിര നിക്ഷേപം പലിശ ഇനത്തിൽ AFS പ്രകാരം 306250രൂപയുടെ ഡിമാന്റ് ഉണ്ട്(I-7). എന്നാൽ റസീപ്റ്റ്&പേയ്മെന്റ് പത്രികയിൽ ഈയിനത്തിൽ വരവ് രേഖപ്പെടുത്തിയിട്ടില്ല.

8. ആസ്തി രജിസ്റ്റർ മുഴുവൻ ആസ്തി വിവരങ്ങളും ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല.

9. ഫിക്സഡ് അസറ്റ് ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

10. TSC അക്കൗണ്ടിലെ ബാലൻസ് തുകകൾ ബി-4 ഷെഡ്യൂളിലും ബി-17 ഷെഡ്യൂളിലും വ്യത്യസ്തമാണ്.

11. മുൻ വർഷ വാർഷിക കണക്കുകളിലെ അപാകതകൾ പരിഹരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല

12. 80/21 ആർ.ആർ.എ.എഫ്.ക്യാമ്പ് റോഡിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ പ്രോജക്ട് പ്രകാരം 57634രൂപ (സി.എഫ്.സി.ഗ്രാന്റ് ബിൽ നം.283/24.3.2021) കെ.സ്.ഇ.ബി.യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത ചെലവ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

13.29.03.21ലെ GO(Rt) No.3099/2021/Fin. നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച 24,35,663 വികസന ഫണ്ട് ജനറൽ വിഹിതം ACR ൽ വരവ് വന്നിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-12 ഫാക്ടറികൾ, വ്യാപാരങ്ങൾ, സംരഭങ്ങൾ മറ്റു സേവനങ്ങൾക്ക് ലൈസൻസ് അനുവദിക്കൽ-പൊതു അപാകതകൾ

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും, സംരംഭ പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം പ്രസിഡന്റ് രേഖാമൂലമായ ഒരു ഉത്തരവ് മൂലം നൽകുന്ന ലൈസൻസിന്റെ കാലാവധി വർഷത്തിന്റെ ഒടുവിൽ അവസാനിക്കുന്നതും ചട്ടം 10 പ്രകാരം വർഷം അവസാനിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതുമാണ്.

2020-21 വർഷത്തിൽ പഞ്ചായത്ത് അനുവദിച്ച ലൈസൻസിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

ആകെ അനുവദിച്ച ലൈസൻസിന്റെ എണ്ണം -254

പുതുതായി ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ-30

ലൈസൻസ് പുതുക്കിയ സ്ഥാപനങ്ങൾ -224

ആകെ 224 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കിയതിൽ 120 സ്ഥാപനങ്ങളാണ് കാലാവധിക്ക് മുമ്പ് ലൈസൻസ് പുതുക്കിയത്. ബാക്കി 104 സ്ഥാപനങ്ങളും കാലാവധിക്ക് ശേഷമാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. 1996 ലെ ഫാക്ടറികൾ, വ്യാപാരങ്ങൾ, സംരംഭങ്ങൾ മറ്റു സേവനങ്ങൾക്ക് ലൈസൻസ് അനുവദിക്കൽ ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം, ചട്ടങ്ങൾ ലംഘിക്കുന്നതിന് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 255ാം വകുപ്പ് പ്രകാരമുള്ള പിഴ പഞ്ചായത്ത് ഈടാക്കേണ്ടതാണെങ്കിലും

നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ സമയക്രമം പാലിച്ച് ലൈസൻസോട് കൂടി പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ.10/2020-21 തിയ്യതി -30.12.2021)

## 1-13 സർക്കാർ ഉത്തരവ് പ്രകാരം നികുതി പരിഷ്കരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചില്ല.

24.02.2015ലെ സ.ഉ.(അ)നം. 36/2015/ത.സ്വ.ഭ.വ പ്രകാരം സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കോമ്പൗണ്ടിൽ വരുന്ന കാന്റീൻ,ആഡിറ്റോറിയം,വർക്ക് ഷോപ്പ്, ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ ,മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റ് കെട്ടിടങ്ങൾ എന്നിവയുടെ നികുതി നിരക്ക് പരിഷ്കരിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ സഞ്ചയ വസ്തു നികുതി പ്രിന്റ് പരിശോധിച്ചതിൽ, മേൽ പറഞ്ഞവയിൽ ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കോമ്പൗണ്ടിൽ വരുന്ന കാന്റീൻ,ആഡിറ്റോറിയം,വർക്ക് ഷോപ്പ്, എന്നിവക്ക് ഉത്തരവ് പ്രകാരമുള്ള നികുതി നിരക്കുകൾ ഗ്രാമപഞ്ചായത്തിൽ പരിഷ്കരിച്ചിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരം നികുതി നിരക്ക് പരിഷ്കരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ.09/2020-21 തിയ്യതി-30.12.2021 )

## 1-14 കലക്ടേഴ്സ് @സ്കൂൾ - സോഷ്യോ എക്കണോമിക് ഫൗണ്ടേഷന് ടെണ്ടറില്ലാതെ പ്രവൃത്തി ഏൽപ്പിച്ചു നൽകി

നിർവ്വഹണോദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രോജക്ട് : 44/21 Collectors School - ഗവ. സ്കൂളുകൾക്ക് ബയോ ബിൻ വിതരണം നടത്തൽ

അടങ്കൽ : 1,50,800 ( കേന്ദ്രാവിഷ്കൃത ഫണ്ട്)

ചെലവ് : ചെക്ക് നമ്പർ 117207/06.02.2021 1,50,800/- ( കേന്ദ്രാവിഷ്കൃത ഫണ്ട്)

മേൽ പ്രോജക്ട് പ്രകാരം പഞ്ചായത്തിലെ 7 എയിഡഡ് സ്കൂളുകളിൽ മാലിന്യം തരംതിരിച്ച ശേഖരിക്കുന്നതിനായി ബിന്നുകൾ സ്ഥാപിക്കുന്നതിന് 1,50,800/- രൂപ സോഷ്യോ എക്കണോമിക് ഫൗണ്ടേഷന് നൽകിയിട്ടുണ്ട്. (6 സ്കൂളുകളിൽ 4 ചെറിയ ബിന്നുകളും @5100, 1സ്കൂളിൽ 4 വലിയ ബിന്നുകളും @ 7100മാണ് സ്ഥാപിച്ചത്.) പദ്ധതി നിർവ്വഹണത്തിനായി ടെണ്ടർ ക്ഷണിക്കാതെ സോഷ്യോ എക്കണോമിക് ഫൗണ്ടേഷനെ നേരിട്ട് ഏൽപ്പിക്കുകയാണ് ചെയ്തത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ശുദ്ധജല-ശുചിത്വ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിന് സോഷ്യോ എക്കണോമിക് ഫൗണ്ടേഷന് 24.02.2016 ലെ സ.ഉ(സാധാ)നം.760/2016/തസ്വഭവ പ്രകാരം നൽകിയിരുന്ന അക്രഡിറ്റേഷൻ കാലപരിധി 24.02.2019 ന് അവസാനിച്ചിട്ടുള്ളതാണ്. അക്രഡിറ്റേഷൻ ഇല്ലാത്ത സ്ഥാപനത്തിന് ടെണ്ടർ നടപടികൾ കൂടാതെ പദ്ധതി നിർവ്വഹണം നേരിട്ട് ഏൽപ്പിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/*2020-21/* 29.12.2021) അക്രഡിറ്റേഷൻ കാലാവധി പൂർത്തിയായതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവുകൾ ലഭ്യമാവാതിരുന്നതിനാലാണ് ഇത്തരത്തിൽ വീഴ്ച സംഭവിച്ചതെന്ന മറുപടിയാണ് നൽകിയത്. കൂടാതെ സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൈണ്ടേഷന്റെ 29.2.2021 ലെ SEUF/MPM/PRMKL/2021/237 നമ്പർ കത്ത് പ്രകാരം അക്രഡിറ്റേഷൻ പുതുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. അക്രഡിറ്റേഷൻ ഇല്ലാതിരുന്നിട്ടും പ്രവൃത്തി സോഷ്യോ എക്കണോമിക് ഫൗണ്ടേഷനെ ഏൽപ്പിച്ചു കൊടുത്തത് ശരിയായ നടപടിയല്ല . മേലിൽ പദ്ധതികൾ നടപ്പിൽ വരുത്തുമ്പോൾ ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ് .

## 1-15 മുൻകൂർ തുക നൽകിയിട്ടും മരുന്നുകൾ ലഭ്യമായില്ല

നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (പി എച്ച് സി)

പ്രോജക്ട് : 13/21 പരിരക്ഷ പാലിയേറ്റീവ് കെയർ

അടങ്കൽ : 600000(400000/-(വികസന ഫണ്ട്)+ 200000/- (ബ്ലോക്ക് ഷെയർ)
ചെലവ് : 6,00,000/- (4,00,000/- വികസന ഫണ്ട്+ 2,00,000 ബ്ലോക്ക് ഷെയർ)

മേൽ പ്രോജക്ടിൽ 98343/- രൂപ താഴെ പറയുന്ന ബില്ലുകൾ പ്രകാരം മരുന്ന വാങ്ങുന്നതിനായി KMSCLലേക്ക് മുൻകൂർ നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ബിൽ നമ്പർ | തിയ്യതി | തുക |
|---|---|---|---|
| 1 | 44/2020-21 | 05.03.2021 | 63417 |
| 2 | 53/2020-21 | 31.03.2021 | 34926 |

| | | | |
|---|---|---|---|
| | | | 98343 |

എന്നാൽ താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരമുള്ള 44617/- രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതു വരെ ലഭ്യമായിട്ടുള്ളത്.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ | തിയ്യതി | തുക |
|---|---|---|---|
| 1 | 7718 | 20.10.2021 | 17798 |
| 2 | 7719 | 20.10.2021 | 12419 |
| 3 | 7974 | 25.10.2021 | 9225 |
| 4 | 8627 | 07.11.2021 | 3068 |
| 5 | 8628 | 07.11.2021 | 2107 |
| | | | 44617 |

ലഭ്യമാവാനവശേഷിക്കുന്ന 53726/- രൂപയുടെ മരുന്നുകൾ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 13/2020-21/29.12.2021)

## 1-16 അംഗനവാടി ജീവനക്കാരുടെ പ്രതിഫല വിഹിതം അധികം ഒടുക്കി

നിർവ്വഹണം : സെക്രട്ടറി

പ്രൊജക്ട് : 79/21,അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക

ബിൽ(ACRപ്രകാരം) നം.93/06.7.20 : 7,11,125 (വികസന ഫണ്ട് ജനറൽ)

പ്രസ്തുത പ്രൊജക്ട് അംഗീകൃത പ്രൊജക്ട് ലിസ്റ്റിൽ (IKM സുലേഖ പത്രിക) ഉൾപ്പെട്ടു കാണുന്നില്ല. IKM പത്രികയിൽ 254/21 നമ്പർ പ്രൊജക്ട് ഉൾപ്പെട്ടിട്ടുണ്ട്.ആയത് ജി.ഒ.പ്രൊജക്ട് ആണ്. 79/21നമ്പർ പ്രൊജക്ട് പ്രകാരം 2019-20ൽ സർക്കാരിലേയ്ക്ക് ഒടുക്കാൻ ബാക്കിയുള്ള 346125 രൂപയും തൻവർഷത്തെ ഒന്നാം ഗഡു 365000 രൂപയും കൂടി ആകെ 7,11,125 രൂപ ഒടുക്കിയിട്ടുണ്ട്. എന്നാൽ 01.04.20 ലെ സ.ഉ(സാധാ) 2657/ 20/ധന. നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച വികസനഫണ്ട് തുക (4029700രൂപ) യിൽ നിന്നും തൻവർഷത്തെ ഒന്നാംഗഡു (365000)രൂപ കിഴിവ് നടത്തി 3664700 രൂപയാണ് അനുവദിച്ചിരിക്കുന്നത്. ചെലവിൽ ഇരട്ടിപ്പ് സംഭവിച്ചതിനാൽ ഗ്രാമ പഞ്ചായത്തിന് 365000 രൂപ കുറവ് വന്നിട്ടുണ്ട്. പ്രസ്തുത തുക ക്രമീകരിച്ച് ലഭിക്കുന്നതിന് 16.10.20ലെ ഇ3-4000/19 നമ്പർ കത്ത് ഡി.ഡി.പി മുഖേന സർക്കാരിന് നൽകിയിട്ടുണ്ടെങ്കിലും ക്രമീകരിക്കപ്പെട്ടിട്ടില്ല. ക്രമീകരണ വിവരം ലഭ്യമാക്കേണ്ടതും അംഗീകൃതമല്ലാത്ത പ്രൊജക്ട് പ്രകാരം ചെലവ് നടത്തിയത് സംബന്ധിച്ച് വിശദീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 14/ 30.12.2021)

## 1-17 എസ്.എസ്.എ- രേഖകൾ ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണം : സെക്രട്ടറി

പ്രൊജക്ട് : 02/21,എസ്.എസ്.എ.വിഹിതം അടവാക്കൽ

ബിൽ(BRN) നം.436985/18.8.20 : 7,00,000/-(വികസന ഫണ്ട് ജനറൽ)

പ്രസ്തുത പ്രൊജക്ട് പ്രകാരം 7,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ബന്ധപ്പെട്ട പ്രൊജക്ട് ഫയലിൽ ബിൽ പകർപ്പ്, എസ്.എസ്.എ യുടെ കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം മുതലായ രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല.പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം. 15 / 30.12.2021) നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 7,00,000 തടസ്സം ചെയ്യുന്നു

## 1-18 ന്യൂട്രീമിക്സ് ജി.എസ്.ടി- TDS ഈടാക്കിയില്ല.

നിർവ്വഹണം: ഐ.സി.ഡി.എസ്.സൂപ്പർവൈസർ

ഗുഡ്സ് & സർവ്വീസ് ആക്ട് 2017- ലെ സെക്ഷൻ 51, 21.07.2018-ലെ 28-ാമത് ജി.എസ്.ടി കൗൺസിൽ തീരുമാനം എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്ഥാപനങ്ങൾ വാങ്ങുന്ന സാധനങ്ങളുടെ ബില്ലിൽ നികുതി കിഴിച്ചുള്ള തുകയുടെ 2 ശതമാനം TDS ഈടാക്കേണ്ടതാണ്. എന്നാൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ 15/21,അംഗനവാടി ന്യൂട്രീഷൻ പ്രോഗ്രാം എന്ന പദ്ധതി പ്രകാരം കുളിർമ ന്യൂട്രീമിക്സ്,പരപ്പനങ്ങാടിയിൽ നിന്ന് അമൃതം ന്യൂട്രീമിക്സ് വാങ്ങുന്നതിന് ചെലവഴിച്ച തുകയുടെ ബില്ലുകളിൽ ജി.എസ്.ടി TDS ഈടാക്കിയിട്ടില്ല. ന്യൂട്രീമിക്സ് വിലയിൽ 5 % ജി.എസ്.ടി ഉൾപ്പെടുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | ബിൽ/ചെക്ക് നം./തി. | തുക | ഫണ്ട് | ഇൻവോയ്സ് നം./തി | തുക | ജി.എസ്.ടി. ബാധകമായ തുക |
|---|---|---|---|---|---|---|
| 1 | 01/14.5.20 | 1025554 (ട്രാൻസ്പോർട്ടേഷൻ: 11334+ മാവേലി: 348737+ കുളിർമ: 665483) | വികസന ഫണ്ട് | 38/31.01.20 | 147309 | 139300 |
| | | | | 39/28.02.20 | 156933 | 148400 |
| | | | | 40/25.03.20 | 164335 | 155400 |
| | | | | 01/25.04.20 | 196906 | 186200 |
| 2 | 03/06.7.20 | 340514 | വികസന ഫണ്ട് | 05/28.5.20 | 170257 | 161000 |
| | | | | 07/30.6.20 | 170257 | 161000 |
| 3 | 117197/ 24.12.20 | 646600 (ട്രാൻസ്പോർട്ടേഷൻ: 14437+ മാവേലി: 254747+ കുളിർമ: 377416) | കേന്ദ്രാവിഷ്കൃത ഫണ്ട് | 09/22.7.20 | 170997 | 161700 |
| | | | | 11/23.8.20 | 186320 | 176190 |
| 4 | 117203/ 28.01.21 | 752048 (ട്രാൻസ്പോർട്ടേഷൻ: 9096+ മാവേലി: 150139+ കുളിർമ: 592813) | കേന്ദ്രാവിഷ്കൃത ഫണ്ട് | 16/03.11.20 | 204309 | 193200 |
| | | | | 19/30.11.20 | 198320 | 187600 |
| | | | | 21/31.12.20 | 190318 | 179970 |
| 5 | 4/22.01.21 | 161175 | വികസന ഫണ്ട് | 12/26.9.20 | 184618 | 174580 |
| 6 | 5/16.02.21 | 183816 | വികസന ഫണ്ട് | 22/26.01.21 | 183878 | 173880 |
| 7 | 11/ 30.3.21 | 177635 | വികസന ഫണ്ട് | 26/28.02.21 | 177697 | 168035 |
| ആകെ | | | | | | 2366455 |

ന്യൂട്രീമിക്സ് ബില്ലുകളിൽ ജി.എസ്.ടി. TDS (47329രൂപ) നടത്താത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം.01/22.12.21) നൽകി. ബന്ധപ്പെട്ട ബില്ലുകൾ പ്രകാരമുള്ള ജി.എസ്.ടി ന്യൂട്രീമിക്സ് സ്ഥാപനം ഒടുക്കിയ റസീപ്റ്റുകൾ ഹാജരാക്കി. അംഗനവാടികളിലേയ്ക്കുള്ള ഭക്ഷ്യ വസ്തുക്കൾക്ക് ജി.എസ്.ടി ബാധകമാണോ എന്നതിൽ അവ്യക്തതയുണ്ടായതിനാലാണ് ടി.ഡി.എസ്. നടത്താതിരുന്നതെന്നും തുടർന്ന് ഈടാക്കുന്നതാണെന്നും മറുപടി നൽകി. മേലിൽ അപാകത വരാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച തുക വിനിയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു

സംയുക്ത പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിനുവേണ്ടി ലഭിച്ച തുക വിനിയോഗിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ടി തുക ഇതിനുവേണ്ടി തുടങ്ങിയ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. 2020-21 വർഷത്തിലെ ധനകാര്യ പത്രികയിലെ ബി4 ഷെഡ്യൂൾ പ്രകാരം ബാധ്യതാ ഹെഡിലുള്ള തുകയുടെ വിവരങ്ങൾ താഴെ പറയുന്നു.

| ഹെഡ് ഓഫ് അക്കൌണ്ട് | നീക്കിയിരിപ്പ് |
|---|---|
| 320700104 | 4,13,339 |
| 320700105 | 977 |
| 320700204 | 6,56,692 |
| 320700205 | 1,58,800 |
| ആകെ | 12,29,808 |

പതിമൂന്നാം പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ സംയുക്ത പ്രൊജക്ടുകളുടെ വിഭവ വകയിരുത്തലും വിനിയോഗവും 23.07.2017 ലെ സ. ഉ (പി) 7/2017/ഫിൻ നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ അനുസരിച്ചായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1. ധനസഹായം നല്കുന്ന തദ്ദേശ സ്ഥാപനം വകയിരുത്തിയ തുക മുഴുവൻ ഒറ്റ ഗഡുവായി സെപ്തംബർ 30 – ന മുമ്പേ സംയുക്ത പ്രൊജക്ട് നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സ്പെഷൽ ടി. എസ്. ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതാണ്.

2. നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനം ഫെബ്രുവരി മാസത്തിന്റെ അവസാന വാരം സംയുക്ത പ്രൊജക്ടിന്റെ നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും സാമ്പത്തിക വർഷത്തിനുള്ളിൽ വിനിയോഗിക്കാൻ കഴിയില്ലെന്ന് ഉറപ്പുള്ള ബാലൻസ് തുക കണക്കാക്കി ആയത് ധനസഹായം നല്കിയ തദ്ദേശ സ്ഥാപനത്തിന് മേൽ തുക മറ്റ് കാര്യങ്ങൾക്ക് വിനിയോഗിക്കാൻ കഴിയും വിധം, ഫെബ്രുവരി 28 – ന മുമ്പേ തിരിച്ച നൽകേണ്ടതുമാണ്.

3. നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31 ന് സ്പെഷൽ ടി. എസ്. ബി അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും, അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്.

4. സാമ്പത്തിക വർഷത്തിന്റെ ഒടുവിൽ സംയുക്ത പ്രൊജക്ട് പൂർത്തീകരിച്ചില്ലെങ്കിൽ, സ്പിൽ ഓവർ ബാധ്യത പങ്കെടുക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിൽ ഷെയർ ചെയ്ത്, സ്പിൽ ഓവർ പ്രൊജക്ടുകൾക്കായി അടുത്ത വർഷം ലഭ്യമാകുന്ന അലോട്ട്മെന്റിൽ നിന്നും വഹിക്കാവുന്നതാണ്.

മേൽ നിർദ്ദേശങ്ങൾ പാലിക്കാതെയുള്ള പദ്ധതി നിർവ്വഹണത്താൽ സാമ്പത്തിക വർഷാവസാനത്തിൽ 2020-21 വർഷത്തെ വാർഷിക കണക്ക് ബാലൻസ്ഷീറ്റ് ഷെഡ്യൂൾ – 4 പ്രകാരം 31.3.2021 ന് സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച 12,29,808/- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നു. മുൻ വർഷങ്ങളിൽ വിവിധ പദ്ധതികൾക്കായി ലഭിച്ച തുകകളാണ് സർക്കാർ നിർദ്ദേശ പ്രകാരം ചെലവഴിക്കാതെ സൂക്ഷിച്ചിട്ടുള്ളത്. മാത്രമല്ല, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B17 പ്രകാരം സയുക്ത പ്രോജക്ടിനുള്ള ഫണ്ട് സൂക്ഷിക്കുന്ന അക്കൗണ്ടിൽ ഈ ബാലൻസ് തുക മുഴുവനായും ഇല്ല. 31.03.2021ലെ ഈ അക്കൗണ്ടിലെ നീക്കിയിരിപ്പ് 12,24,799 രൂപയാണ്. വ്യത്യാസത്തിന് കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

സർക്കാർ നിർദ്ദേശങ്ങൾക്ക് വിധേയമായി സംയുക്തപദ്ധതികൾക്ക് ലഭിക്കുന്ന വിഹിതം ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം. 17/31.12.21 ന് മറുപടി ലഭിച്ചിട്ടില്ല.

## 1-20 ഇ ടെണ്ടർ - ടെണ്ടർ ഫീ ഇനത്തിൽ തുക ലഭ്യമാക്കാൻ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ഇ ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രൊജക്ടുകളുടെ ബിഡ് സബ്മിഷൻ ഫീ ഇനത്തിൽ കരാറുകാർ അടവാക്കുന്ന തുകകൾ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തു വരുന്നത്. ഗ്രാമ പഞ്ചായത്തിന് 2020-21 വരെ ഈ ഇനത്തിൽ ലഭിക്കാനുള്ള തുകകൾ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ലഭ്യമാക്കുന്നതിന് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല.

ഇ ടെണ്ടറിൽ ടെണ്ടർ ഫീ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നത് ഒഴിവാക്കുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് ഇല്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ ടെണ്ടറിന്റെ ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകി 02.10.2017 ലെ GO(Rt) 3186/2017/ LSGD നമ്പർ പ്രകാരം സർക്കാർ ഉത്തരവ് ഉണ്ടായിട്ടും ഇത്തരത്തിൽ അക്കൗണ്ട് ആരംഭിച്ച് ഇ ടെണ്ടർ ഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിന് ഇതുവരെ നടപടി സ്വീകരിച്ചിട്ടില്ല.

മേൽ വിഷയങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, (നം.05 /20-21/28.12.2021), 30.12.2021 ന് ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കാൻ വേഗത്തിൽ നടപടി സ്വീകരിക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-21 ട്രഷറി TSB യിൽ ചെലവഴിക്കാതെ 63552 രൂപ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള 799011400002362 നമ്പർ ട്രഷറി ടി.എസ്.ബി അക്കൗണ്ടിൽ 27.12.2021 ന് 63562 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. തനത് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികളുടെ നികുതികൾ ഉൾപ്പെടെയുള്ള ബിൽ തുകകളും, മറ്റ് ഫണ്ടുകൾ ഉപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികളിൽ നിന്ന് കുറവ് ചെയ്യുന്ന നികുതി തുകകളുമാണ് 2018-19 വർഷാവസാനം വരെ ഈ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിരുന്നത് എന്നും, 2019-20 മുതൽ തനത് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികളുടെ ബിൽ തുകകൾ മാത്രമാണ് ഈ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നത് എന്നും അസിസ്റ്റന്റ് എഞ്ചിനിയർ വിശദീകരിക്കുകയുണ്ടായി. അസിസ്റ്റന്റ് എഞ്ചിനിയർ റിക്വിസിഷൻ മുഖേന ആവശ്യപ്പെട്ട തുക പൂർണ്ണമായി ചെലവഴിക്കാത്തതോ, നികുതികൾ പൂർണ്ണമായും അടവാക്കാത്തതോ കാരണമാണ് ഈ അക്കൗണ്ടിൽ പണം ബാക്കി വരാൻ കാരണം എന്ന് ഇതിൽ നിന്നും വ്യക്തമാണ്.

മേൽ അപാകതക്ക് ഓഡിറ്റ് എൻക്വയറി നം. 2/20-21/27.12.2021 മുഖേനെ വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ഇതിന് 31.12.2021 ന് ലഭ്യമാക്കിയ മറുപടിയിൽ അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയിൽ 40776 രൂപ രണ്ട് പ്രൊജക്ടുകളുടെ ജി.എസ്.ടി- ടി.ഡി.എസ് അടയ്ക്കുന്നതിന് 2018-19 ൽ ക്രഡിറ്റ് ചെയ്ത തുകയാണെന്നും ഈ തുക

ജി.എസ്.ടി വകുപ്പിൽ അടവാക്കുന്നതാണെന്നും, ബാക്കിയുള്ള 22786 രൂപ തിരിച്ചറിയാനായിട്ടില്ലെന്നും ആയത് തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

മറുപടി പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-22 GMLPSൽ ഓപ്പൺ ഓഡിറ്റോറിയം മെച്ചപ്പെടുത്തൽ - ട്രസ്സ് വർക്ക് & ഷീറ്റ് റൂഫിംഗ് - അധിക നിരക്ക് അനുവദിച്ചു.

പ്രൊജക്ട് നം : 147/21

അടങ്കൽ : 200000 MG-NR

ചെലവ് : 190962 ബിൽ നമ്പർ.17/28.4.2020

TS No : 101082/2017-18 (Revised TS Dated 6.3.2020)

DsoR 2016 COI 37.25%.

എസ്റ്റിമേറ്റ് നമ്പർ.2018/4784

കരാർ നം : 03/AE/LSGD/PMKY/2018-19 /7.5.2018 (ER)

കരാറുകാരൻ. പി.ബഷീർ

എംബുക്ക് നം: 30/18-19

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. സിംഗിൾ സെക്ഷൻ വർക്കുകൾക്ക് ട്രസ്സ് വർക്കിന്റെ നിരക്ക് അനുവദിച്ചു - 5501രൂപയുടെ അധികച്ചെലവ്

നിലവിലുള്ള ഓപ്പൺ ഓഡിറ്റോറിയത്തിന്റെ സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഓഡിറ്റോറിയത്തിന്റെ ഒരു വശത്ത് ട്രസ്സ് വർക്ക് ചെയ്ത് ഷീറ്റ് വിരിക്കുന്നതിന് എസ്റ്റിമേറ്റിലെ E3ഇനമായി 629.617 കി.ഗ്രാം ട്രസ്സ് വർക്ക് ചെയ്തിട്ടുണ്ട് (എം.ബുക്ക് പേജ്4). ഇതിന് DAR കോഡ് 50.10.1 പ്രകാരമുള്ള 137.46/kg നിരക്കാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ 28.12.2021 ന് നടത്തിയ സ്ഥല പരിശോധനയിലും, അളവ് പുസ്തകത്തിൽ അളവ് രേഖപ്പെടുത്തിയത് പരിശോധിച്ചതിലും ഇതിലെ 215.4736 Kg പർലിൻ പ്രവൃത്തി സിംഗിൾ സെക്ഷൻ വർക്ക് ആണെന്ന് ബോധ്യപ്പെട്ടു. സിംഗിൾ സെക്ഷൻ വർക്കുകൾക്ക് അനുവദിക്കാവുന്ന നിരക്ക് ചീഫ് എഞ്ചിനീയർ അംഗീകരിച്ച ഒബ്സെർവ്ഡ് ഡാറ്റ 50.10.2 പ്രകാരമുള്ള 111.93/kg നിരക്കാണ്. ആയതിനാൽ, തെറ്റായ ഡാറ്റ പ്രകാരമുള്ള നിരക്ക് അനുവദിച്ചതിനാൽ ഈ പ്രവൃത്തിയിൽ (137.46-111.93)x 215.47 =5500.94 രൂപയുടെ അധികച്ചലവ് ഉണ്ടായിട്ടുണ്ട്.

2. ഷീറ്റ് റൂഫിംഗ് - തെറ്റായ രീതിയിൽ ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കിയതിനാൽ 18487 രൂപയുടെ അധികച്ചെലവ്

ഈ പ്രൊജക്ടിന്റെ എസ്റ്റിമേറ്റിലെ E4 ഇനം പ്രവൃത്തി എസ്റ്റിമേറ്റിലെ E3 ഇനമായി നിർവ്വഹിച്ച ട്രസ്സ് വർക്കിന് മുകളിൽ 0.35mm കനമുള്ള ട്രാഫോൾഡ് GI ഷീറ്റ് വിരിക്കലാണ്. ഈ പ്രവൃത്തി 65.88 $M^2$ നിർവ്വഹിച്ചിട്ടുണ്ട്. 791.59/$M^2$ നിരക്കാണ് ഇതിന് അനുവദിച്ചിട്ടുള്ളത്. DAR ൽ ഈ പ്രവൃത്തിക്ക് ഡാറ്റ ഇല്ലാത്തതിനാൽ, ഷീറ്റിന് @320/$M^2$ എന്ന് മാർക്കറ്റ് വില കണക്കിലെടുത്ത് താഴെ കൊടുത്ത പ്രകാരം തയ്യാറാക്കിയ ഒബ്സർവ്വ്ഡ് ഡാറ്റയുടെ (OD) അടിസ്ഥാനത്തിലാണ് ഇപ്രകാരം യൂണിറ്റ് നിരക്ക് നിശ്ചയിച്ചത്.

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| MR | GI Powder Coated Traffold Sheet | Sqm | 11.50000 | 320.00 | 3680.00 |
| 1023 | Galvanized Steel Jor L Hooks 8 Mm Dia | 10 Nos | 14.0000 | 115.00 | 161.00 |
| 0112 | Carpenter 2 Nd Class | Day | 1.35000 | 448.00 | 604.80 |
| 0115 | Coolie | Day | 1.35000 | 368.00 | 496.80 |
| MR | Conveyance | LS | 11.5000 | 2.00 | 23.00 |
| Total | | | | | 4965.60 |
| Cost For 10.00 Sqm | | | | | 4965.60 |
| Cost For 1.00 Sqm | | | | | 496.56 |
| Say | | | | | 496.56 |
| Add Water Charge @1% | | | | | 4.96 |
| Add CPOH @ 15.0% | | | | | 75.22 |

| | |
|---|---|
| Cost Index 37.25%. | 214.84 |
| Total With Cost Index | 791.59 |
| Say | 791.59 |

വേസ്റ്റേജിന് 5% പ്രൊവിഷൻ നൽകുന്നതിന് പകരം 15% നൽകിയും, വർദ്ധിച്ച അളവിൽ ലേബർ നൽകിയും, MR പ്രകാരമുള്ള ഇനങ്ങൾക്കും കോസ്റ്റ് ഇൻഡക്സ് കൂട്ടി നൽകിയുമാണ് ഈ OD തയ്യാറാക്കിയിട്ടുള്ളത്. ആയതിനാലാണ് മേൽ ഡാറ്റയിൽ യൂണിറ്റ് നിരക്കിൽ വർദ്ധനയുണ്ടായിട്ടുള്ളത്.

DAR കോഡ് നമ്പർ 12.50 പ്രകാരം 0.50mm കനമുള്ള കോറുഗേറ്റഡ് GI ഷീറ്റ് വിരിക്കുന്നതിനുള്ള ഡാറ്റ നിലവിലുണ്ട്. യഥാർത്ഥത്തിൽ ഈ ഡാറ്റ അടിസ്ഥാനമാക്കിയായിരുന്നു ഈ പ്രവൃത്തിക്ക് OD തയ്യാറാക്കേണ്ടിയിരുന്നത്. 0.35mm കനമുള്ള ഷീറ്റിന് @320/$M^2$ മാർക്കറ്റ് വില കണക്കിലെടുത്ത് DAR കോഡ് നമ്പർ 12.50 പ്രകാരം OD തയ്യാറാക്കിയാൽ യൂണിറ്റ് നിരക്ക് 510.97/$M^2$ മാത്രമെ വരു. OD യുടെ വിശദാംശം താഴെ കൊടുക്കുന്നു.

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| MR | GI Aluminium Powder Coated Profile Sheet 0.35mm | Sqm | 233.650 | 320.00 | 74768 |
